ടാലന്റഡ് ബാങ്കേഴ്സ് ഗ്രൂപ്പിന്റെ ആദ്യമീറ്റ് തൃശൂരിൽ നടക്കുന്നു.2018 മെയ് മാസം. ഒരിടത്ത് കലാകാരന്മാരും കലാകാരികളും പരിപാടികൾക്ക് തയാറാവുന്നു. ഒരിടത്ത് വന്നവർ തമ്മിൽ നേരിൽ സൗഹൃദം പങ്ക് വെക്കുന്നു. ഇനി ഒരിടത്ത് ചിത്രങ്ങൾ, പുസ്തകങ്ങൾ ഇവയുടെ പ്രദർശനം.അവിടെ ആളുകളുടെ പ്രത്യേകശ്രദ്ധ ആകർഷിച്ചു കൊണ്ട് ഒരു പുതിയ രചനാസങ്കേതത്തിൽ ചില ചിത്രങ്ങൾ. ത്രിമാനസ്വഭാവമുള്ള ചിത്രങ്ങളുടെ പിന്നിലെ ചിത്രകാരനെ പലരും അന്വേഷിക്കുന്നുണ്ടായിരുന്നു. എന്നാൽ ആൾ അവിടെ മറ്റൊരു പരിപാടിയുടെ തയാറെടുപ്പിനായി അണിയറയിൽ ആയിരുന്നു. ഇതിനോടകം ഗ്രൂപ്പിൽ 3D ചിത്രങ്ങളിലൂടെ ഏറെ ശ്രദ്ധിക്കപ്പെട്ട ആ കലാകാരനെയാണ് ഈ ദളം പരിചയപ്പെടുത്തുന്നത്.

പ്രശാന്ത് മോഹൻ,
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ,
ആർ ബി ഓ 4,
തിരുവനന്തപുരം.

തിരുവനന്തപുരം സ്വദേശിയും ബിസിനസ്സ്കാരനുമായിരുന്ന മോഹനൻ നായരുടെയും വീട്ടമ്മയായ രമണിയുടെയും മൂന്ന് ആൺമക്കളിൽ രണ്ടാമത്തെ ആളാണ് പ്രശാന്ത്. മൂത്ത സഹോദരൻ പ്രകാശും ഇളയ സഹോദരൻ പ്രവീണും ഫാർമസ്യൂട്ടിക്കൽ രംഗത്ത് ജോലി ചെയ്യുന്നു.

പ്ലസ് ടു വരെ നീറമൺകര എം എം ആർ എച്ച് എസിലും തുടർന്ന് ബി കോമിന് തിരുവനന്തപുരം കോ ഓപ്പറേറ്റീവ് കോളേജിലും പഠിച്ചിരുന്ന പ്രശാന്തിന് ഒരു ജോലി അച്ഛന്റെ സ്വപ്നമായിരുന്നു. എന്നാൽ അതൊന്നും കാണാൻ കാത്ത് നിന്നില്ല അച്ഛൻ.

വിദ്യാർത്ഥി ആയിരിക്കുമ്പോൾ തന്നെ ചിത്രരചനയിൽ ഏറെ താല്പര്യം ഉണ്ടായിരുന്നു പ്രശാന്തിന്. മിമിക്രി, ചിത്രരചന തുടങ്ങിയ ഇനങ്ങളിൽ ഒക്കെ മത്സരിച്ചെങ്കിലും സ്കൂളിന് പുറത്തേക്കൊന്നും പ്രശാന്ത് പോകുമായിരുന്നില്ല.

പഠനശേഷം 2007ലെ എൽ ഡി ക്ലാർക്ക് പരീക്ഷയിൽ 93ആം റാങ്ക് നേടി തിരുവനന്തപുരം കല്ലിയൂർ പഞ്ചായത്ത് ഓഫീസിൽ ചെറിയ ഒരു കാലയളവിൽ ജോലി ചെയ്തെങ്കിലും തൊട്ടു പിറകേ പ്രശാന്തിനെത്തേടി ബാങ്ക് ജോലി എത്തിച്ചേർന്നു.2009ൽ എസ് ബി ടിയുടെ റാന്നി തോട്ടമൺ ശാഖയിലൂടെയാണ് പ്രശാന്ത് ബാങ്ക് ജീവനക്കാരനായത്.

2012ൽ ഹെഡ് കാഷ്യർ ആയി കാട്ടാക്കട ശാഖയിലേക്കും 2013ൽ അസിസ്റ്റന്റ് മാനേജർ ആയി അരൂക്കുറ്റി ശാഖയിലേക്കും പ്രശാന്തിന് സ്ഥലം മാറ്റം ലഭിച്ചു. അരൂക്കുറ്റിയിൽ നിന്നും മൂവാറ്റുപുഴ മാറാടി ശാഖയിലേക്കും അവിടെ നിന്നും സ്ഥാനക്കയറ്റം നേടി മാനേജർ ആയി

ഇടുക്കിയിൽ അണക്കര ശാഖയിലേക്കും.

മാറാടി ശാഖയിൽ ജോലി ചെയ്യുന്ന കാലത്താണ് ബാങ്ക് "നിങ്ങളിലെ ഫോട്ടോഗ്രാഫറെ കണ്ടെത്തൂ" എന്ന പേരിൽ ഒരു മത്സരം സംഘടിപ്പിക്കുന്നത്. മത്സരത്തിൽ വന്ന ഫോട്ടോഗ്രാഫുകളെല്ലാം നല്ല നിലവാരമുള്ളവ ആയിരുന്നു. അതിൽ നിന്നും മെച്ചപ്പെട്ടവ തിരഞ്ഞെടുക്കുക ഏറെ ശ്രമകരവും. ഒടുവിൽ തെരഞ്ഞെടുക്കപ്പെട്ട പത്ത് ചിത്രങ്ങളിൽ ഒന്ന് പ്രശാന്തിന്റേതായിരുന്നു. തെയ്യത്തിന്റെ ആ ചിത്രം അന്ന് ബാങ്കിന്റെ ലോക്കൽ ഹെഡ് ഓഫീസിലെ പ്രദർശനത്തിൽ കണ്ട പല ഉന്നതോദ്യോഗസ്ഥരുടെയും പ്രശംസക്ക് വഴിയൊരുക്കുകയും ഫോട്ടോഗ്രാഫർ അവരുടെ അന്വേഷണങ്ങളിൽ നിറയുകയും ചെയ്തു എന്നത് പിന്നീട് ചില സുഹൃത്തുക്കൾ വഴിയാണ് പ്രശാന്ത് അറിയുന്നത്.

അണക്കര ശാഖാമാനേജർ ആയിരുന്ന കാലം ഒരിക്കലും മറക്കാൻ കഴിയുന്നതല്ല എന്ന് പ്രശാന്ത് ഓർമിക്കുന്നു. നോട്ട് നിരോധനക്കാലത്ത് ബാങ്ക് ശാഖ നൽകിയ അനുപമമായ സേവനങ്ങളെക്കുറിച്ച് ചാനലുകളിൽ വന്ന വാർത്താശകലങ്ങൾ ഇന്നും നെഞ്ചോട് ചേർക്കുന്നു പ്രശാന്ത്.

ബാങ്ക് പരിസരത്തെ സാമൂഹ്യചുറ്റുപാടുകളോടുള്ള പ്രശാന്തിന്റെ പ്രതിബദ്ധതയും ഇടപെടലുകളും ആണ് അവിടത്തെ സർക്കാർ സ്കൂളിൽ സാമൂഹ്യവിരുദ്ധശല്യം ഏറിയപ്പോൾ സി സി ടി വി വയ്ക്കാൻ സഹായഹസ്തവുമായി എത്താൻ പ്രശാന്തിനെ പ്രേരിപ്പിച്ചത്. അതും വലിയ വാർത്ത സൃഷ്ടിച്ചു.
നെറ്റ്‌വർക്കും കണക്റ്റിവിറ്റിയും ഒക്കെ പ്രശ്നമായ ഇടുക്കിയിലെ ഒരു ശാഖയുടെ ATM, ഹിറ്റുകളുടെ കാര്യത്തിൽ ഇന്ത്യയിൽ നാലാമതെത്തുക ചെറിയ കാര്യമല്ല, ആ നേട്ടം കൊയ്യാൻ പ്രശാന്തിനെ സഹായിച്ചത് ടീം ഉണ്ടാക്കാനുള്ള കഴിവായിരുന്നു.

2016ൽ നമ്മുടെ ഗ്രൂപ്പ് ആരംഭിച്ചത് മുതൽ പ്രശാന്ത് അതിൽ സജീവമാണ്. ആ വർഷം ഗ്രൂപ്പ് നടത്തിയ ചിത്രരചനാമത്സരത്തിൽ പ്രശാന്തിന്റെ 3D ചിത്രം ഒന്നാം സമ്മാനം നേടി.
2018ൽ നടന്ന ആദ്യമീറ്റിൽ സർപ്രൈസ് ഇനമായി സ്പോട്ട് സ്ക്രിപ്റ്റിൽ തയാറാക്കിയ യുറാനസ് ടീമിൽ പ്രശാന്തും ഒരംഗമായിരുന്നു. 2019 ലെ മീറ്റിലും ഈ ടീമിൽ തുടർന്ന പ്രശാന്ത് 2020ലും 2021ലും നടന്ന ഓൺലൈൻ മീറ്റുകളിലും യുറാനസ് ടീമിൽ അംഗമായി എത്തിയിരുന്നു.

2020ൽ ഇതിന് വേണ്ടിയുള്ള ചർച്ചകളിൽ കൊറോണയെ ഒരു കഥാപാത്രമായി അവതരിപ്പിക്കുന്നത് ആലോചിക്കുമ്പോൾ പ്രശാന്ത് ആ ദൗത്യം സ്വയം ഏറ്റെടുക്കുകയും അതിനുള്ള രൂപം തയാറാക്കുകയും മകൾ നിവേദിതയെ രംഗത്ത് കൊണ്ടുവരികയും ചെയ്തു. സാമൂഹ്യ മാദ്ധ്യമത്തിലെ ആദ്യ കൊറോണ രൂപം അതായിരുന്നു എന്നതിൽ ഏറെ അഭിമാനം ഉണ്ടെന്ന് പ്രശാന്ത്. ഒപ്പം ടീം യുറാനസിൽ അംഗമായതിൽ

സന്തോഷവും.

കുമിളി ഹയർ സെക്കന്ററി സ്കൂളിൽ ഗസ്റ്റ് ലെക്ചറർ ആയി ജോലി ചെയ്ത പ്രസീദ പി കുമാർ ആണ് പ്രശാന്തിന്റെ ജീവിതസഹായാത്രിക. നന്തൻകോട് ഹോളി ഏഞ്ചൽസ് ഐ സി എസ് സി സ്കൂളിലെ വിദ്യാർഥിനികളായ നിവേദിത,നിരഞ്ജന എന്നിവരാണ് മക്കൾ. തന്റെ 3D ചിത്രങ്ങളും ഫോട്ടോഗ്രാഫിയും ആയി തിരുവനന്തപുരം കരുമത്ത് താമസിക്കുന്ന പ്രശാന്ത് ഇനിയും നമ്മുടെ ഗ്രൂപ്പിന്റെ പ്രവർത്തനങ്ങളിൽ കൂടുതൽ ഊർജസ്വലമാകട്ടെ എന്നാശംസിക്കുന്നു.

-----------------------------------------------------------------------------------------------
തയ്യാറാക്കിയത് : അനിൽ ഉണ്ണിത്താൻ ( Anil Unnithan), സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ, അഞ്ചാലുംമൂട് ശാഖ, കൊല്ലം

English version: Arya Gayathry , State Bank of India, Pallickal Branch

അവതരണം : സ്വപ്നരാജ് (Swapna Raj), സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, അരക്കിണർ മീഞ്ചന്ത ബ്രാഞ്ച്, കോഴിക്കോട്
-----------------------------------------------------------------------------------------------

The first meet of our Talented Bankers group in the month of May, 2018 – some members were busy getting ready for their performances... a few were happily chattering in the joy of seeing other friends from the group for real... books written and paintings drawn by the members decorated a corner of the venue. Here were arranged some 3D pictures that attracted the attention of many. Members started enquiring as to who created these 3D wonders, while the one who brought the paintings to life was busy readying himself for a performance! Today, we present before you, this Talented Banker.

Prasanth Mohan
State Bank of India
RBO 4, Thiruvananthapuram

He is the second of the three sons of Shri. Mohanan Nair, who was a businessman hailing from Thiruvananthapuram, and Smt. Ramani. His brothers Prakash and Praveen are engaged in the pharmaceutical field.

Prasanth did his schooling from Neeramankara M.M.R.H.S and then B.Com from Thiruvananthapuram Cooperative College. His father who dreamed of seeing Prasanth earn a job didn’t live to see his son’s success.

From his young age Prasanth loved to draw and paint. Though he participated for mimicry and painting competitions in the school level, he never went to compete outside his school.

After his studies, he secured 93rd rank in the 2007 LD Clerk’s examination, joined

Thiruvananthapuram Kalliyoor Panchayat Office and worked a short while there when State Bank of India asked him to join their force. He thus joined the SBI Ranni Thottamon branch in 2009.

In 2012 he joined the Kattakada branch as head cashier and in 2013 he got promoted as Assistant Manager and posted at Arookutty branch. He then got transferred to Muvattupuzha Marady branch and on promotion joined the Anakkara branch in Idukki.

While at Marady branch, he participated in the bank's contest, 'Find the photographer in you'. After a lot of difficulty, the judges shortlisted 10 best shots among all the wonderful photographs, and the photo of Theyyam by Prasanth found its place in the esteemed list. Only later did he come to know from his friends that his photograph was displayed at the Local Head Office and that many eminent high officials praised his work and enquired about him.

Prasanth can never forget his days as Branch Head of Anakkara branch. He still cherishes the news shared in all television channels praising the exceptional work he did to manage the situations that arose from demonetisation.

Prasanth's commitment to the society led him to extend help in arranging CCTV surveillance in the nearby Govt school to prevent antisocial activities in the area. This too created news. He also made sure the ATM attached to the remote Idukki branch with numerous network and connectivity issues got enough hits to reach the 4th position all over the country. This task has been possible through his extraordinary team building talents.
Prasanth has been part and parcel of our group since its inception in 2016. He won the first prize in the drawing competition held that year, for his 3D picture. He was also a member of the Uranus team that created a spot script as a surprise event during our group's first meeting in 2018. He has been a member of the Uranus team ever since and participated in the events held during the 2019 meet, and the online meets held in 2020 and 2021.

In 2020, during the discussion to represent corona virus as a character, Prasanth took the complete responsibility for the same, created the costume and got his daughter Nivedita to enact the part. He feels proud that this character created by him was the first representation of corona virus in the social media and is elated to be part of the Uranus team.

Praseeda P Kumar, who is a guest lecturer in the Kumily Higher Secondary school, is his spouse. They are blessed with two angels; Nivedita and Niranjana – both students at the Holy Angels ICSE school, Nanthancode.

We wish that Prasanth remains an inevitable part of our group through his exceptional 3D art and astounding photography.